"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ അക്കൗണ്ട്സ് & ആഡിറ്റ് സർവ്വീസ് സൊസൈറ്റി (KAASS) - ആഡിറ്റ് ഫീസ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1557/2025/LSGD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-
1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.09.2022 തിയതിയിലെ 9154//M2-MF/2022/KSHO നം സർക്കുലർ
2. 03/10/2024 തീയതിയിലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ തീരുമാനം (അജണ്ട നം.16.4)
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/02/2025 തീയതിയിലെ KSHO/660/2023-M2 MF നം. കത്ത്.

**<u>ഉത്തരവ്</u>**

കുടുംബശ്രീ അക്കൗണ്ട്സ് & ആഡിറ്റ് സർവ്വീസ് സൊസൈറ്റിയുടെ പരാമർശം (1) പ്രകാരം നിശ്ചയിച്ചിട്ടുള്ള ആഡിറ്റ് ഫീസ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

2. അതനുസരിച്ച് ആഡിറ്റ് ഫീസ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ അക്കൗണ്ട്സ് & ആഡിറ്റ് സർവ്വീസ് സൊസൈറ്റിയുടെ ആഡിറ്റ് ഫീസ് ഉത്തരവ് തീയതി പ്രാബല്യത്തിൽ താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

## <u>1) സി ഡി എസ്</u>

| ക്രമ നമ്പർ | നിബന്ധന (ഗ്രാമ/നഗര സി ഡി എസുകൾ) | നിലവിലെ നിരക്ക്( in Rs) (ചാർട്ടേർഡ് അക്കൗണ്ടന്റ് ഫീസ് ഉൾപ്പെടെ) | പുതുക്കിയ നിരക്ക് (ഗ്രാമ/നഗര സി ഡി എസുകൾ) (in Rs) |
|---|---|---|---|
| 1 | ഒരു സാമ്പത്തിക വർഷം 50 ലക്ഷം രൂപ വരെയുള്ള സാമ്പത്തിക ഇടപാടുകൾ | 7,150/- | 10,000/- |
| 2 | ഒരു സാമ്പത്തിക വർഷം 50 ലക്ഷം രൂപ മുതൽ 1 കോടി വരെയുള്ള സാമ്പത്തിക ഇടപാടുകൾ | 8,450-10,400/- | 13,000/- |

| | | | |
|---|---|---|---|
| 3 | ഒരു സാമ്പത്തിക വർഷം 1 കോടി മുതൽ 5 കോടി വരെയുള്ള സാമ്പത്തിക ഇടപാടുകൾ | 13,000/- | 17,000/- |
| 4 | ഒരു സാമ്പത്തിക വർഷം 5 കോടി രൂപയ്ക്ക് മുകളിൽ സാമ്പത്തിക ഇടപാടുകൾ | 13,000/- | 20,000/- |

മേല്പറഞ്ഞ പ്രകാരം വർദ്ധിപ്പിച്ച ആഡിറ്റ് ഫീസിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് ഫീസ് ഉൾപ്പെട്ടിട്ടില്ലാത്തതും ഓഡിറ്റ് ഫീസ് ഓഡിറ്റർക്കും ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഫീസ് ചാർട്ടേർഡ് അക്കൗണ്ടന്റിനും വെവ്വേറെ സി ഡി എസ് നല്കേണ്ടതുമാണ്. ഇതിനായി KAASS ആഡിറ്റർ ചാർട്ടേർഡ് അക്കൗണ്ടന്റിൽ നിന്നും പ്രത്യേകം ഇൻവോയിസ് വാങ്ങി ആകെ തുകയുടെ ബിൽ സി ഡി എസ്- ന് നൽകേണ്ടതും ചാർട്ടേർഡ് അക്കൗണ്ടന്റ് ഫീസ് ഉൾപ്പെടെയുള്ള ആഡിറ്റ് ഫീസ് സി ഡി എസ് KAASS ജില്ലാ കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് നല്കുകയും KAASS  ചാർട്ടേർഡ് അക്കൗണ്ടന്റ് ഫീസ് CA-ക്ക് നല്കി രസീത് സി ഡി എസ്- ന് കൈമാറേണ്ടതുമാണ്.

## 2) എ ഡി എസ്

| നിലവിലെ നിരക്ക്( in Rs) | പുതുക്കിയ നിരക്ക്(ഗ്രാമ/നഗര എ ഡി എസുകൾ) (in Rs) |
|---|---|
| 200 | 250 |

## 3) അയൽക്കൂട്ടം

| **നിബന്ധന** | **നിലവിലെ നിരക്ക്(in Rs)** | **പുതുക്കിയ നിരക്ക് (ഗ്രാമ/നഗര പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾ)(in Rs)** |
|---|---|---|
| ഓഡിറ്റിനു വിധേയമാക്കുന്ന സാമ്പത്തിക വർഷം ആന്തരിക വായ്പ മാത്രം ഉള്ള അയൽ ക്കൂട്ടങ്ങൾക്ക് | 260 | 260 |
| ഓഡിറ്റിനു വിധേയ രാകുന്ന സാമ്പത്തിക വർഷം ലിങ്കേജ് വായ്പ മാത്രം ഉള്ള അയൽക്കൂട്ടങ്ങൾക്ക് | 325 | 325 |
| ഓഡിറ്റിനു വിധേയമാകുന്ന സാമ്പത്തിക വർഷം ആന്തരിക വായ്പ, ലിങ്കേജ് വായ്പ, മറ്റ് വായ്പകൾ (പിന്നാക്ക വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, പട്ടിക ജാതി പട്ടിക വർഗ വികസന കോർപ്പറേഷൻ | 325 | 375 |

| | | |
|---|---|---|
| എന്നിവിടങ്ങളിൽ നിന്നും) ഉള്ള അയൽക്കൂട്ടങ്ങൾക്ക് | | |

4)**കുടുംബശ്രീ സംരംഭങ്ങൾ**

| **വാർഷിക വിറ്റുവരവ്( in Rs)** | **ഓഡിറ്റ് ഫീ(in Rs) (എല്ലാ സംരംഭങ്ങൾക്കും)** |
|---|---|
| വാർഷിക വിറ്റുവരവ് പത്തു ലക്ഷം രൂപ വരെ | 2,500/- |
| വാർഷിക വിറ്റുവരവ് പത്തു ലക്ഷത്തിനും ഇരുപത്തഞ്ചു ലക്ഷത്തിനും ഇടയിൽ | 5,000/- |
| വാർഷിക വിറ്റുവരവ് ഇരുപത്തഞ്ചു ലക്ഷം മുതൽ അമ്പതു ലക്ഷം വരെ | 8,000/- |
| വാർഷിക വിറ്റുവരവ് അമ്പത് ലക്ഷത്തിനുമേൽ ഒരു കോടി വരെ | 13,000/- |
| വാർഷിക വിറ്റുവരവ് ഒരു കോടി മുതൽ അഞ്ചു കോടി വരെ | 16,000/- |
| അഞ്ച് കോടിക്ക് മുകളിൽ | 18,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
കുടുംബശ്രീ അക്കൗണ്ട്സ് & ആഡിറ്റ് സർവ്വീസസ് സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/88/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
Date: 23-06-2025 14:50:45

സെക്ഷൻ ഓഫീസർ